Secretariat Kerala Catholic Bishops' Council
PASTORAL ORIENTATION CENTRE
P.B.No.2251, Palarivattom, Kochi-682025, Kerala, India.
Tel: 0484-2805722, 2805815, Fax: 0484-2806214. E-mail: poc@kcbcsite.com
www.kcbcsite.com

All Kerala Press Release 29.5.2018

# തുടർച്ചയായി ഉണ്ടാകുന്ന പോലീസ് അനാസ്ഥയെക്കുറിച്ച് അന്വേഷിക്കണം: കേരള കാത്തലിക് ഫെഡറേഷൻ

കൊച്ചി: സമീപകാലങ്ങളിൽ കേരള പോലീസിന്റെ ഭാഗത്തുനിന്നും തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന കൃത്യനിർവഹണത്തിലെ അപാകതകളെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കണമെന്ന് കേരള കാത്തലിക് ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ 32 രൂപതകളിലായി പ്രവർത്തിക്കുന്ന കത്തോലിക്കാ കോൺഗ്രസ്, ലാറ്റിൻ കാത്തലിക് അസോസിയേഷൻ, മലങ്കര കാത്തലിക് അസോസിയേഷൻ എന്നീ സംഘടനകളുടെ ഡയറക്ടർമാരുടെ പാലാരിവട്ടം പിഒസിയിൽ ചേർന്ന യോഗം ആവശ്യപ്പെട്ടു. കോട്ടയത്തെ കെവിനെ തട്ടിക്കൊണ്ടുപോയ സംഭവത്തിൽ പരാതിലഭിച്ചിട്ടും യഥാസമയം പോലീസ് അധികാരികൾ നടപടികൾ കൈക്കൊള്ളാതിരുന്നതുകൊണ്ടാണ് കെവിൻ കൊലചെയ്യപ്പെട്ടതെന്ന് കെസിഎഫ് യോഗം വിലയിരുത്തി.

അന്താരാഷ്ട്രവിപണിയിൽ ക്രൂഡോയിലിന് വിലകുറഞ്ഞിട്ടും കഴിഞ്ഞ നിരവധി മാസങ്ങളായി പെട്രോളിനും ഡീസലിനും വിലവർധിപ്പിച്ചുകൊണ്ട് ജനജീവിതം ദുസ്സഹമാകുന്ന കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നടപടിയെ യോഗം അപലപിച്ചു. പെട്രോളിയം ഉല്പന്നങ്ങളിൽ കേന്ദ്രസംസ്ഥാന സർക്കാരുകൾ ഈടാക്കിക്കൊണ്ടിരിക്കുന്ന ഭാരിച്ച നികുതിയിൽ ഇളവുവരുത്തിയും ജി.എസ്.റ്റി. യിൽ ഉൾപ്പെടുത്തിയും വിലക്കയറ്റം നിയന്ത്രിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

നിപ്പ പകർച്ചപ്പനി ബാധിച്ചു മരിച്ചവരുടെ കുടുംബങ്ങൾക്ക് തക്കതായ നഷ്ടപരിഹാരം നല്കണമെന്നും കാലവർഷം ആരംഭിക്കുന്ന കാലയളവിൽ നിപ്പ പോലുള്ള പകർച്ചപനികൾ പടർന്നു പിടിക്കാതിരിക്കാനുള്ള പ്രതിരോധ നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ ഉർജിതപ്പെടുത്തണമെന്നും യോഗം സർക്കാരിനോട് ആവശ്യപ്പെട്ടു.

കടലാക്രമണ ഭീഷണി നേരിടുന്ന ചെല്ലാനം പോലുള്ള തീരദേശത്ത് ഉചിതമായ പരിഹാരം തദ്ദേശവാസികളുമായി ആലോചിച്ച് സർക്കാർ നടപ്പിലാക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

കേരള കാത്തലിക് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് പി.കെ. ജോസഫിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം കെസിബിസി അല്മായ കമ്മീഷൻ ചെയർമാൻ ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് ഉദ്ഘാടനം ചെയ്തു. യോഗത്തിൽ ഫ. വർഗീസ് വള്ളിക്കാട്ട്. ഫാ. ജിയോ കടവി, ഫാ. ജോൺ അരീക്കൽ. ഫാ. മാർട്ടിൻ തൈപ്പറമ്പിൽ. അഡ്വ. വർഗീസ് കോയിക്കര, അഡ്വ. ജസ്റ്റിൻ കരിപ്പാട്ട്, ബാബുകല്ലിങ്കൽ, ഡേവിസ് തുളുവത്ത്, മേരി കുര്യൻ എന്നിവർ പ്രസംഗിച്ചു.

**പി.കെ. ജോസഫ്**
പ്രസിഡന്റ്, കെസിഎഫ്